# GUPS THALAKODE




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

എറണാകുളം ജില്ലയുടെ കിഴക്കേ അറ്റത്ത് കോതമംഗലം താലൂക്കിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ ഓരത്തായി തലക്കോട് ഗവൺമെന്റ് യു. പി. സ്ക്കൂൾ സ്ഥിതി ചെയ്യുന്നു. 1966 ൽ എൽ.പി. സ്ക്കൂൾ ആയി പ്രവർത്തനം ആരംഭിച്ച ഈ സരസ്വതീ ക്ഷേത്രം 1984 ൽ യു.പി. സ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

# ലക്ഷ്യങ്ങൾ

- ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിലും ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ നേടുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.
- അഞ്ചു വർഷത്തിനുള്ളിൽ ഏഴാം ക്ലാസ് ജയിച്ചു പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ ശേഷിയുള്ളവരാവുക.
- ഗണിതം, സയൻസ്, സാമൂഹ്യശാസ്ത്രം ഇവയിൽ ഓരോ ക്ലാസിലും പഠന നേട്ടങ്ങൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തുക.
- LSS, USS തുടങ്ങിയ മത്സര പരീക്ഷകളിൽ വിജയികളാകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിലൂടെ കുട്ടികളെ കൂടുതൽ അറിവുള്ളവരാക്കുക
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി അവരെ മുൻ നിരയിലേക്ക് എത്തിക്കുക.
- ക്ലാസ്സ്, ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുക.
- പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിലൂടെ ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കുക
- കല, കായികം, പ്രവൃത്തിപരിചയം എന്നീ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക, കലാകായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ പൂർത്തീകരണത്തോടെ കുട്ടികൾക്ക് പ്രകൃതിയുമായി കൂടുതൽ ഇണങ്ങുന്നതിനുള്ള അവസരം സൃഷ്ടിക്കുക.
- ക്ലബ്ബുപ്രവർത്തനങ്ങൾ ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസലിംഗ് എന്നിവയിലൂടെ ശുചിത്വബോധമുള്ള ജീവിത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക.
- **പുതിയതായി 4 ക്ളാസ് മുറികളുള്ള കെട്ടിട നിർമാണം.**

ഉപമേഖല : മലയാളം ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഒന്നു മുതൽ ഏഴുവരെ എല്ലാ കുട്ടികളും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും അതാതു ക്ലാസിലെ പഠന നേട്ടങ്ങൾ കൈവരിക്കാനും പ്രാപ്തരാകുക | പഠനശില കണ്ടെത്ത ി(Pre test) പരമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ | മാർച്ച് മാസത്തിന് മുമ്പ് | മലയാളം അധ്യാപകർ, SRG | | HM, BRC |
| | അധിക വായനയ്ക്കായി ക്ലാസ് ലൈബ്രറിയിൽ പുസ്തകങ്ങൾ ശേഖരിക്കൽ | മാർച്ച് മാസത്തിന് മുമ്പ് | മലയാളം അധ്യാപകർ, SRG | | |
| | കവിതകൾ മനപാഠമാക്കൽ (ICT സഹായം) | മാർച്ച് മാസത്തിന് മുമ്പ് | മലയാളം അധ്യാപകർ | | |
| | സർഗ വേളയിലും, അസംബ്ലിയിലും കഥ, കവിത, പ്രസംഗം തുടങ്ങിയവ അവതരിപ്പിക്കാൻ പ്രാപ്തരാക്കൽ | മാർച്ച് മാസത്തിന് മുമ്പ് | ക്ലാസ് ടീച്ചർ, മലയാളം അധ്യാപകർ | | |
| | പതിപ്പുകൾ, കൈയെഴുത്തു മാസികകൾ | മാർച്ച് മാസത്തിന് മുമ്പ് | മലയാളം അധ്യാപകർ, SRG | | |
| | സെമിനാറുകൾ | മാർച്ച് മാസത്തിന് മുമ്പ് | മലയാളം അധ്യാപകർ | | |
| | പത്രവായന, പത്രക്വിസ് | മാർച്ച് മാസത്തിന് മുമ്പ് | ക്ലാസ് ടീച്ചർ | | |
| | വായനാക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ, ആമുഖക്കുറിപ്പുകൾ, തിരക്കഥ എന്നിവ തയ്യാറാക്കുന്നു | മാർച്ച് മാസത്തിന് മുമ്പ് | ക്ലാസ് ടീച്ചർ, മലയാളം അധ്യാപകർ | | |
| | ICT യുടെ സഹായത്താൽ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം നൽകുന്നു. | തുടർപ്രവർത്തനം | അധ്യാപകർ | | |
| | മലയാളത്തിളക്കം | തുടർപ്രവർത്തനങ്ങൾ | അധ്യാപകർ | | |
| പിന്നോക്കക്കാരെ മുൻനിരയിൽ എത്തിക്കൽ | ശ്രദ്ധ | തുടർപ്രവർത്തനങ്ങൾ | അധ്യാപകർ | | |

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ അനായാസമായി എഴുതാനും, വായിക്കാനും, സംസാരിക്കാനും പ്രാപ്തരാകുക | പഠനശില കണ്ടെത്തി (Pre test) പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ | മാർച്ച് മാസത്തിന് മുമ്പ് | ഇംഗ്ലീഷ് ടീച്ചർ, SRG, BRC | | |
| | ICT സഹായത്തോടെ poem, skit, action song etc… എന്നിവയുടെ പരിശീലനം | മാർച്ച് മാസത്തിന് മുമ്പ് | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, SRG, | | |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | മാസത്തിൽ രണ്ടു തവണ | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, | 2000 രൂപ | |
| | ക്ലാസ് ലൈബ്രറിയിൽ നിന്ന് ഇംഗ്ലീഷ് വായനാസാമഗ്രികൾ, ആനുകാലികങ്ങൾ ശേഖരിക്കൽ | ജൂൺ മുതൽ | PTA | | |
| | ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പുകൾ | ജനുവരി മുതൽ ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | | |
| | പതിപ്പുകൾ, മാഗസിനുകൾ | മാസത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, | 500 രൂപ | |
| | ഇംഗ്ലീഷിൽ ക്വിസ് (ജനറൽ നോളഡ്ജ്) | ഒരു ടേമിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | | |
| | സെമിനാറുകൾ | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | | |
| | ഭിന്ന ശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ | തുടർപ്രവർത്തനം | ക്ലാസ് അധ്യാപകർ, SRG, BRC | | |

ഉപമേഖല : ഹിന്ദി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 5,6,7, ക്ലാസുകളിലെ കുട്ടികൾക്ക് ഭാഷാ പഠനം എളുപ്പമാക്കുക | എല്ലാ ടേമിലും പതിപ്പുകൾ കുട്ടികൾ ഉണ്ടാക്കുന്നു | ടേം 1,2,3 | SRG, ഹിന്ദി അധ്യാപിക | | |
| | നാടകീകരണം, പുസ്തകത്തിലെ പാഠഭാഗങ്ങൾ നാടകങ്ങളായി അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക , ക്ലാസ് ടീച്ചർ | | |
| | ബുള്ളറ്റിൻ പ്രസിദ്ധീകരണം | ജനുവരി | ഹിന്ദി അധ്യാപിക | | |
| | ICT സാധ്യതകൾ ഉപയോഗിച്ചുള്ള പഠനം | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക , ക്ലാസ് ടീച്ചർ, SRG | | |
| | ന്യൂസ് വായന അസംബ്ലിയിൽ | എല്ലാ മാസത്തിലും ഒന്ന് | ഹിന്ദി അധ്യാപിക | | |

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികൾ പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് | | | | | |
| | ഗണിതമൂല എല്ലാ ക്ലാസിലും തയ്യാറാക്കൽ (മഞ്ചാടി, അബാക്കസ്, രൂപങ്ങൾ, ക്ലോക്ക്, മുതലായവ..) | | | | |
| | ചതുഷ്ക്രിയകൾ, സംഖ്യാബോധം, ഇവ ഉറപ്പിക്കുന്നതിനുള്ള പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | | |
| | ICT ഉപയോഗിച്ച് ഫലപ്രദമായ പഠന പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | | |
| | ദശാംശം, ഭിന്നസംഖ്യ, കോണുകൾ, എന്നിവയുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | | |
| | ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം ICT സാധ്യതയിലൂടെ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ധ്യാപകർ, SRG, BRC | | |

ഉപമേഖല : അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്റ റിംഗ് |
|---|---|---|---|---|---|
| ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികളെ ശാസ്ത്ര പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് | ഓരോ ക്ലാസിലേക്കും ശാസ്ത്ര പരീക്ഷണങ്ങൾക്ക് സഹായകരമായ വസ്തുക്കളുടെ ശേഖരണം (ശാസ്ത്രമൂല) | മാർച്ച് വരെ | ശാസ്ത്രാധ്യാപകർ, SRG, BRC | 1000/- | HM, |
| | ശേഖരിച്ച വസ്തുക്കൾ ഉപയോഗിച്ച് ഓരോ പാഠത്തിലെയും ലഘുപരീക്ഷണങ്ങൾ ചെയ്യാൻ പരിശീലിക്കൽ | അധ്യയന വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ SRG, BRC | | |
| | ഉണ്ടാക്കിയ ഉല്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | അധ്യാപകർ SRG, PTA | | |
| | സ്കൂൾ ലാബ് ഒരുക്കൽ, ഓരോ ഉപകരണങ്ങളും, ഏത് ക്ലാസിലേക്കെന്ന് ലിസ്റ്റ് ചെയ്യൽ | അധ്യയന വർഷാരംഭം മുതൽ | ശാസ്ത്രാധ്യാപകർ | | |
| | ശാസ്ത്ര പുസ്തകങ്ങൾ, അധികവായനയ്ക്ക് | ജൂൺ , ജൂലൈ | ക്ലാസ് ടിച്ചർ, ശാസ്ത്രാധ്യാപകർ | | |
| | ശാസ്ത്ര ക്വിസ് | എല്ലാ മാസവും | ശാസ്ത്രാധ്യാപകർ | | |
| | ശാസ്ത്ര മേളയ്ക്ക് സജ്ജരാക്കൽ | വർഷാരംഭം | എല്ലാ അധ്യാപകരും | | |
| | ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | | |
| | പരീക്ഷണക്കുറിപ്പുകളുടെ പതിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടിച്ചർ, SRG, BRC | | |

ഉപമേഖല : സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്റ റിംഗ് |
|---|---|---|---|---|---|
| ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികളെ സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് | ശേഖരണങ്ങൾ - ഓരോ ക്ലാസിലേയും പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് | ജൂൺ മുതൽ | സോഷ്യൽ സയൻസ് അധ്യാപകർ SRG | | HM, |
| | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം - വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ഭൂപടം നിർമിക്കുന്നു | ജൂൺ മുതൽ | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | എസ്.എസ്. ഫെസ്റ്റ്, 5,6,7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ | ഫെബ്രുവരി | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ( ബാലറ്റ് പേപ്പർ, ബാലറ്റ് പെട്ടി, സ്ലിപ്പ്, പോളിംഗ് ബൂത്ത് ഇവ സജ്ജീകരിച്ച് വോട്ട് രേഖപ്പെടുത്തുന്നു) | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | ക്വിസ് | എല്ലാ മാസവും | സോഷ്യൽ സയൻസ് അധ്യാപകർ | | |
| | പ്രസംഗം | ദിനാചരണങ്ങളോടനുബന്ധിച്ച് | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | സെമിനാറുകൾ, 5,6,7 ക്ലാസുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ | ടേമിൽ ഒരെണ്ണം | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | സ്കിറ്റ് / നാടകം | | | | |
| | ഡിജിറ്റൽ ആൽബം | | | | |
| | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. എസ്.എസ്. ക്ലബിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷാരംഭം മുതൽ | സോഷ്യൽ സയൻസ് അധ്യാപകർ SRG | | |
| | ഭിന്ന ശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ ഐ.സി.റ്റി. സഹായത്തോടെ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ BRC | | |

ഉപമേഖല : ഐ.റ്റി. പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികൾ ഏഴാം ക്ലാസ്സ് പഠനം കഴിയുമ്പോൾ ഐ.റ്റി. പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നന പഠന നേട്ടങ്ങൾ കൈവരിക്കുന്നു. | കളിപ്പെട്ടി ഫലപ്രദമായ രീതിയിൽ പരിശീലിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, SRG | | |
| | വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഐ.റ്റി. സാധ്യത ഉൾപ്പെടുത്തി പഠനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ, SRG | | |
| | ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് വഴി രസപ്രദമായ രീതിയിൽ പഠനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | | |

ഉപമേഖല : കല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 മുതൽ 7 വരെയുള്ള കുട്ടികളുടെ കലാ പരമായ കഴിവുകൾ വികസിപ്പിക്കൽ | സർഗവേള പിരിയഡുകൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നു. | 2025 സെപ്റ്റംബറിനു മുമ്പ് | ക്ലാസ് ടീച്ചർ, SRG, മറ്റ് അധ്യാപകർ | | |
| | കവിത, നാടൻപാട്ട്, ലളിതഗാനം മുതലായവ ICT സഹായത്തോടെ പരിശീലനം | 2025 ജൂൺ മുതൽ | അധ്യാപകർ, SRG | | |
| | കലാമത്സരങ്ങൾ നടത്തുന്നു | ടേമിൽ ഒന്ന് | ക്ലാസ് ടീച്ചർ | | |
| | ചിത്രരചനയ്ക്ക് പരിശീലനം | മാസത്തിൽ രണ്ടു തവണ | ക്ലാസ് ടീച്ചർ | | |
| | കലാ മേളയിൽ പങ്കെടുക്കാനുള്ള പരിശീലനം | ജൂലൈ മുതൽ | ക്ലാസ് ടീച്ചർ, SRG, PTA, മറ്റ് അധ്യാപകർ | | |

ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളുടേയും കായിക ക്ഷമത വളർത്തുക | കായിക പരിശീലനം | ജൂൺ മുതൽ | കായികാധ്യാപകൻ, SRG | | |
| ജില്ലാ സംസ്ഥാന മേളകളിൽ പങ്കെടുക്കാൻ പ്രാപ്തരാനുള്ള പരിശീലനം | ഏതിനങ്ങളിലാണ് കൂടുതൽ മികവ് എന്ന് കണ്ടെത്തി പരിശീലനം | 2025-26 | കായികാധ്യാപകൻ, SRG | | |

ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങളിലുള്ള അഭിരുചി വളർത്തിയെടുക്കൽ | ഒന്നാം ക്ലാസ് മുതൽ പേപ്പർ, ഇല, തുണി തുടങ്ങിയവ വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം | ജൂൺ മുതൽ | പ്രവൃതതി പരിചയ അധ്യാപിക, ക്ലാസ് ടിച്ചർ | 2000/- SPTA | |
| | പ്രവൃത്തി പരിചയ മേളകളിലെ വിവിധ ഇനങ്ങൾ തെരഞ്ഞെടുത്ത് കൃത്യമായ പരിശീലനത്തിലൂടെ മേളകളിൽ എ ഗ്രേഡ് ലഭിക്കത്തക്കവിധത്തിൽ പരിശീലനം | ജൂൺ മുതൽ | പ്രവൃതതി പരിചയ അധ്യാപിക, ക്ലാസ് ടിച്ചർ | | |

ഉപമേഖല : പോഷകാഹാരവും, ആരോഗ്യവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക | ജൈവകൃഷി സ്ക്കൂളിലും, വീട്ടിലും | 2025 ജൂൺ മുതൽ | LSG, കൃഷി ഭവൻ, PTA | 10,000/- PTA | |
| | ബോധവത്ക്കരണ ക്ലാസുകൾ (ആരോഗ്യം, പോഷകാഹാരം, ജൈവ ഭക്ഷണ രീതി മുതലായവ) | ആഗസ്റ്റ് - ഡിസംബർ | പ്രൈമറി ഹെൽത്ത് സെന്റർ, ഹെൽത്ത് ക്ലബ്ബ് | 2,000/- | |
| | പ്രഭാത ഭക്ഷണം | | | | |
| | മുട്ട, പാൽ വിതരണം | ജൂൺ - മാർച്ച് | ഉച്ചഭക്ഷണ കമ്മിറ്റി | | |
| | ഉച്ചഭക്ഷണം മികച്ച രീതിയിൽ (ഇലക്കറികൾ, പച്ചക്കറികൾ, പയർവർഗങ്ങൾ മുതലായവ..ചേർത്ത്) | | ഉച്ചഭക്ഷണ കമ്മിറ്റി | | |
| | കായിക പരിശീലനം, മാസ്ഡ്രിൽ | ജൂൺ - മാർച്ച് | കായികാധ്യാപകൻ, SRG | | |

ഉപമേഖല : ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുന്നു. | സ്ക്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുന്നു | | അധ്യാപകർ, SRG | | |
| | പുസ്തകങ്ങൾ ഇനം തിരിച്ച് തരംതിരിക്കുന്നു | ജൂൺ | അധ്യാപകർ, SRG, PTA | | |
| | ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | 2025 മാർച്ചിന് മുമ്പ് | ക്ലാസ് അധ്യാപകർ | | |
| | പുസ്തക വിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു | ജൂൺ രണ്ടാം വാരം | അധ്യാപകർ, SRG, PTA | | |
| | ഓരോ ക്ലാസിൽ നിന്നും കുട്ടി ലൈബ്രേറിയൻമാരെ തെരഞ്ഞെടുത്ത് ചെയ്യേണ്ട പ്രവർത്തനങ്ങളുടെ പരിശീലനം, ഓരോ ക്ലാസിനും വിതരണ രജിസ്റ്റർ | ജൂൺ | അധ്യാപകർ, SRG | | |
| | വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നു | 2025- നവംബർ, ഡിസംബർ | സ്ക്കൂൾ ലൈബ്രേറിയൻ, SRG | | |
| | ലൈബ്രറി ചുവരുകൾ എഴുത്തുകാരുടെ ചിത്രങ്ങളും, മഹദ് വചനങ്ങളും എഴുതി ഭംഗിയാക്കുന്നു | 2025 - ഡിസംബർ | SRG, PTA | | |
| | പിറന്നാളിനൊരു പുസ്തകം ക്ലാസ് ലൈബ്രറിക്ക് പരിപാടി ഒരുക്കുന്നു | വർഷാരംഭം മുതൽ | കുട്ടികൾ, അധ്യാപകർ | | |
| | വായനാവാരം- പുസ്തക പ്രദർശനം, സെമിനാർ, ക്വിസ്, മുതലായവ ഒരുക്കുന്നു | ജൂൺ 19 മുതൽ | അധ്യാപകർ, SRG | | |
| | വായനാക്കുറിപ്പ് മത്സരം, ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്നു | ജൂൺ | അധ്യാപകർ, SRG | | |
| | പുസ്തക പരിചയം വായിച്ച പുസ്തകങ്ങൾ കുറിപ്പോടുകൂടി അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. | അധ്യയന വർഷം മുഴുവൻ | കുട്ടികൾ, അധ്യാപകർ, SRG | | |

ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ വിവിധ സസ്യങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ | പാഠ്യപദ്ധതിയിൽ പരാമർശിക്കുന്ന വിവിധ തരം സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | HM, ക്ലാസധ്യാപകർ, വിവിധ സംഘടനകൾ (വൈസ്മെൻസ്) | 25,000/- | HM, PTA |
| | ആവാസ വ്യവസ്ഥ ഒരുക്കൽ | ജൂൺ - സെപ്റ്റംബർ | HM, PTA,LSG | | HM, PTA |